## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 743 — 07-11-2016 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോമസ് ചാണ്ടി**<br>**ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ. കെ.ബി.ഗണേഷ് കുമാർ** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) എല്ലാവർക്കും ഭവനം നൽകുന്നതിനായി സർക്കാർ സമ്പൂർണ്ണ പാർപ്പിട പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അടുത്ത 5 വർഷംകൊണ്ട് സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉയർന്ന ജീവിത നിലവാരവും ജീവനോപാധിയും ഉറപ്പാക്കുന്ന താണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി.<br><br>പദ്ധതിയുടെ ഗുണഭോക്താക്കളെ 4 തരത്തിലാണ് കണ്ടെത്തുന്നത്.<br><br>എ). ഭൂമിയുള്ള ഭവന രഹിതർ<br>ബി). ഭാഗികമായി ഭവനം പൂർത്തിയാക്കിയവർ/താമസ യോഗ്യമല്ലാത്ത ഭവനമുള്ളവർ<br>സി). പുറമ്പോക്ക്, തീരദേശ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിൽ താൽക്കാലിക ഭവനം ഉള്ളവർ<br>ഡി). ഭൂമിയില്ലാത്ത ഭവനരഹിതർ<br><br>പ്ലാനിംഗ് ബോർഡിന്റെ 2015-ലെ റിപ്പോർട്ട് അനുസരിച്ച് ആകെ 4.32 ലക്ഷം ഭവന രഹിതർ ഉള്ളതായി കാണുന്നു. ഇതിൽ 1.58 ലക്ഷം പേർ ഭൂരഹിത-ഭവന രഹിതരാണ്. 64 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഏറ്റവും കൂടുതൽ ഭവന രഹിതർ (50% ഗുണഭോക്താക്കൾ) (5 കോർപ്പറേഷൻ, 16 മുൻസിപ്പാലിറ്റി, 43 പഞ്ചായത്ത്) ഉള്ളതായി കണക്കാക്കുന്നത്. 87,000 ഭവനം പൂർത്തിയാക്കി നൽകാനായാൽ 533 പഞ്ചായത്ത്, 7 മുൻസിപ്പാലിറ്റി എന്നിവ ഭവന രഹിതരില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി മാറുന്നതാണ്.<br><br>നിലവിലുള്ള വിവിധ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമം), |

| | | | |
|---|---|---|---|
| | | | വിവിധ വകുപ്പുകളായ പട്ടിക ജാതി/പട്ടിക വർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നിവ നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികളെ ഈ പദ്ധതിയുടെ കീഴിൽ സംയോജിപ്പിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ സംയോജനത്തിൽ കൂടി നടപ്പിലാക്കാൻ കഴിയാത്ത അധിക ആവശ്യകതയ്ക്ക് സംസ്ഥാന സർക്കാർ അധിക ധനസഹായം നൽകി പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ബഹു. കേരള മുഖ്യമന്ത്രി സംസ്ഥാനതല പാർപ്പിട മിഷൻ അദ്ധ്യക്ഷനായും, ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാതല പാർപ്പിട മിഷൻ അദ്ധ്യക്ഷനായും ഉള്ള സമിതിയാണ് പദ്ധതിയുടെ മേൽനോട്ട ചുമതല. കൂടാതെ വിവിധ വകുപ്പുകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കുടുംബശ്രീ/ സന്നദ്ധ സംഘടനകൾ/ സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയെയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) പദ്ധതി പ്രകാരം എന്തൊക്കെ പരിപാടികളാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെ പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ. ദരിദ്രരായ ഗ്രാമീണ ജനതയെ സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സംഘടിപ്പിച്ച് (അയൽക്കൂട്ടങ്ങളും ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളും കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളും) ദരിദ്രരായ കുടുംബങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യംവച്ചുകൊണ്ട് ഉപജീവന മാർഗ്ഗങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുക എന്നതാണ് എൻ.ആർ.എൽ.എം-ന്റെ ലക്ഷ്യം. സ്ത്രീകളെ സംഘടിപ്പിച്ച് അയൽക്കൂട്ടങ്ങൾ സ്ഥാപിക്കുക, അവർക്കാവശ്യമായ പരിശീലനം നൽകുക, സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരെ കൈപിടിച്ചുയർത്തുക, ഉപജീവന ഉപാധികൾക്കായി സാമ്പത്തിക സഹായവും പരിശീലനവും നൽകുക എന്നിവയാണ് എൻ.ആർ.എൽ.എം ന്റെ പ്രധാന പ്രവർത്തനങ്ങൾ 2016-17 കാലഘട്ടത്തിൽ എൻ.ആർ.എൽ.എം പദ്ധതികൾക്കായി 11.48 കോടി രൂപയും പൈലറ്റ് പദ്ധതികൾക്കായി 8.00 കോടി രൂപയുമാണ് കുടുംബശ്രീക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. എൻ.ആർ.എൽ.എം ന്റെ കീഴിൽ ഉപ മിഷനായ എം.കെ.എസ്.പി മുഖേന 34:05 കോടി രൂപയും, ഡി.ഡി.യു.ജി.കെ.വൈ മുഖേന 60.00 കോടി രൂപയും കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്.<br><br>എൻ.ആർ.എൽ.എം-ന്റെ ഉപ മിഷനായ എം.കെ.എസ്.പി.യിലൂടെ കാർഷിക മേഖലയിൽ സ്ത്രീകൾക്ക് ഉപജീവനം ലഭ്യമാക്കുന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ കുടുംബശ്രീയിലുള്ള 1,50,000 സ്ത്രീകൾക്ക് 30,000 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ച് സഹായം നൽകുവാനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭ കളിലും കോർപ്പറേഷനു കളിലും മാലിന്യ സംസ്കരണം ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി കളാണ് ചെയ്യാനുദ്ദേശി ക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | എല്ലാ ഗ്രാമ പഞ്ചായത്തുകളിലും, നഗര സഭകളിലും, കോർപ്പറേഷനുകളിലും, മാലിന്യ സംസ്കരണം ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്താനും കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനും ബൃഹത്തായ ഹരിതകേരളം പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശി ക്കുന്നത്. ഈ പദ്ധതി മിഷൻ മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാ ളിത്തത്തോടെ ഏറ്റെടുത്ത് ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാനും അനുകൂല മനോഭാവവും ജീവിത രീതിയും ഓരോ വ്യക്തിയിലും, കുടുംബത്തിലും, സ്ഥാപനത്തിലും, സാമൂഹിക ജീവിതത്തിലും ഉറപ്പു വരുത്താനുമാണ് ഉദ്ദേശിക്കുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾ തോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന തിനുമുള്ള നടപടികൾ ശുചിത്വമിഷന്റെ സഹായത്തോടെ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ